

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**03-08-2021**

## എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുത്പാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ എട്ടു രൂപ നിരക്കിൽ തിങ്കൾ , വ്യാഴം ദിവസങ്ങളിൽ ലഭ്യമാണെന്ന് പ്രൊഡക്ഷൻ മാനേജർ അറിയിച്ചു. കാടകുഞ്ഞുങ്ങൾ ലഭിക്കുന്നതിനായി 0479 2452277 , 9495805541 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. കേരളത്തിൽ പരമ്പരാഗതമായി നടന്നു വരുന്ന കാർഷികോത്സവമായ നിറപുത്തരി ആഘോഷത്തിന് ആവശ്യമായ നെൽക്കതിർ, കേരള കാർഷിക സർവകലാശലയുടെ കീഴിൽ നെടുങ്കാട് സ്ഥിതിചെയ്യുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ (ഐ.എഫ്.എസ്.ആർ.എസ്.) ഒരു ചതുരശ്ര മീറ്ററിന് നൂറുരൂപ നിരക്കിൽ വിതരണത്തിനായി തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 0471-2343586 എന്ന ഫോൺ നമ്പരിൽ സ്ഥാപനവുമായി നേരിട്ട് ബന്ധപ്പെടുക.

### പരിശീലന പരിപാടികൾ

3. ഫാം ഇൻഫർമേഷൻ ബ്യൂറോ ഈ മാസം 05 ന് **"കുള വാഴയിൽ നിന്നും എങ്ങനെ ആദായം നേടാം"** എന്ന വിഷയത്തിൽ രാവിലെ 11 ന് എഫ്.ഐ. ബി കേരളയുടെ ഫേസ്ബുക്ക് പേജിലൂടെ തത്സമയ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9383470289 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് ഇന്നും നാളെയുമായി (ആഗസ്റ്റ് 03, 04 ) രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പറിലും **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**03-08-2021**

5. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി ഇന്ന് (3-8-21 ന്) **ശീതകാല പച്ചക്കറി വിളകൾ (കാരറ്റ്, ബീറ്റ്റൂട്ട്, റാഡിഷ്)** എന്ന വിഷയത്തിൽ ഉച്ചതിരിഞ്ഞ് 2.30 ന് ഫേയ്സ്ബുക്ക് പരിശീലന പരിപാടി നടത്തുന്നു. https://www.facebook.com/RATTC-Training-104750708002716/ എന്ന ഫേസ്ബുക്ക് പേജിലൂടെ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0484-2703094** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

6. ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **സംയോജിത കൃഷിരീതികൾ** എന്ന വിഷയത്തിൽ നാളെ (ആഗസ്റ്റ് 4 ന് ) പതിനൊന്ന് മണി മുതൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. smm-wvyw-feq എന്ന ലിങ്കുപയോഗിച്ച് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. പരിശീലന പരിപാടിയെ കുറിച്ചുള്ള കടുതൽ വിവരങ്ങൾക്ക് **0476-2698550** എന്ന ഫോൺ നമ്പരിലോ dtcoachira@gmail.com എന്ന മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

7. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (04/08/2021 ന ) രാവിലെ 11 മണിക്ക് **"കാലിരോഗങ്ങളും നിവാരണ മാർഗങ്ങളും"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481- 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

8. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം അഞ്ചാം തീയതി രാവിലെ 11.30 മുതൽ **"ശാസ്ത്രീയ കറവപശു പരിപാലനം"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി **0471-2440911** എന്ന ഫോൺ നമ്പരിലോ dtctvm99@gmail.com എന്ന മെയിലിലോ പേര് മോൽവിലാസം വാട്സ്ആപ്പ് നമ്പർ എന്നിവ നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**03-08-2021**

9. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 5 മുതൽ 17 വരെ വിവിധ വിഷയങ്ങളിൽ കർഷകർക്കു നൽകുന്ന ഓൺലൈൻ പരിശീലനങ്ങളെകുറിച്ചുള്ള വിവരങ്ങൾക്ക് 0471 – 2740440 / **9349482600** എന്നീ നമ്പരുകളിലോ sametikerala@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

10. തിരുവനന്തപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം ആറാം തീയതി മുതൽ ഇരുപത്തിനാലാം തീയതി വരെ നടത്തുന്ന വിവിധ പരിശീലന പരിപാടികളെ കുറിച്ചറിയാൻ 9400288040 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

11. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ **''ഓമനമൃഗങ്ങളിലെ പ്രത്യുത്പാദനവും അനുബന്ധരോഗങ്ങളും''** എന്ന വിഷയത്തിൽ ആഗസ്റ്റ് 6 ന് വൈകിട്ട് 5 മണിക്ക് ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ 9995213500 എന്ന ഐ ഡി ഉപയോഗിച്ച് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് 9446714462 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.